പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .2017

12.02.13-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊന്ന ഇറ്റാലിയൻ നാവികരുടെ കേസിൽ റിവ്യൂഹർജി നൽകുന്നതിനുള്ള നടപടി

ചോദ്യം　　　　　　　　　　　　　　ഉത്തരം

| | | | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എസ്. ശർമ്മ<br>,, ആർ. രാജേഷ്<br>,, സാജു പോൾ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവെച്ച് കൊന്ന ഇറ്റാലിയൻ നാവികരുടെ കേസിൽ സുപ്രീംകോടതി വിധിക്ക് സംസ്ഥാന സർക്കാർ റിവ്യൂഹർജി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) | കേസിൽ കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും എടുത്ത നിലപാട് ഒന്നുതന്നെയാണോ എന്ന് വ്യക്തമാക്കുമോ; | (ബി) | വെടിവെയ്പ്പ് സംഭവം ഇന്ത്യൻ ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റമാണെന്നും കേരള പോലീസിന് കുറ്റക്കാരെ വിചാരണ ചെയ്യുന്നതിന് അധികാരമുണ്ടെന്നും ഉള്ള നിലപാടാണ് ബന്ധപ്പെട്ട കേസിൽ ബഹു. സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാരിനു വേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറലും സംസ്ഥാനസർക്കാരിനു വേണ്ടി ഹാജരായ അഡ്വക്കേറ്റ് ശ്രീ.വി.ഗിരിയും സ്വീകരിച്ചത്. |
| (സി) | വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന ഇന്ത്യാക്കാരുടെ കാര്യത്തിലില്ലാത്ത താല്പര്യം ഇറ്റാലിയൻ നാവികരുടെ കാര്യത്തിൽ പ്രകടിപ്പിച്ചു എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കേസിൽ സംസ്ഥാന ഗവൺമെന്റ് റിവ്യൂ ഹർജി നൽകുന്നുണ്ടെങ്കിൽ അതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ഡി) | ബാധകമല്ല. |

Jayaram

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2019 12/02/2013 - ൽ മറുപടിക്ക്

## തീരദേശ റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശശി: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ റോഡ് വികസനത്തിനായി 2011-2012ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 10 കോടി രൂപ ഏതെല്ലാം ജില്ലകളിൽ എത്ര റോഡുകൾക്കായിട്ടാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിൽ ഉൾപ്പെട്ടിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ റോഡുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എ) 2011-12 ലെ ബഡ്ജറ്റിൽ 48.65 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2011-12 സാമ്പത്തിക വർഷം തീരദേശ വികസനത്തിനായി മൊത്തം 233 റോഡുകൾക്ക് 6882.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇത് സംബന്ധിച്ച വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. - ലിസ്റ്റ് എ1. തിരുവനന്തപുരം ജില്ലയിലെ 24 ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശം ഉള്ളടക്കം ചെയ്യുന്നു - ലിസ്റ്റ് എ2. |
| (ബി) വകയിരുത്തിയ 10 കോടി രൂപയിൽ നാളിതുവരെ ചെലവഴിച്ച തുകയെത്ര ; | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ തീരദേശ റോഡുകളുടെ വികസനത്തിനായി 35.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) 2012-2013ലെ ബഡ്ജറ്റിൽ തീരദേശ റോഡുകളുടെ വികസനത്തിനായി നീക്കി വച്ചിട്ടുള്ള 55 കോടി രൂപയിൽ ഏതൊക്കെ റോഡുകൾക്കായി എത്ര തുകയുടെ ഭരണാനുമതി നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കാമോ ; ഇതിന്റെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് നൽകാമോ ? | (സി) 2012-13 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയ റോഡുകളുടെ വിശദാംശം ഉള്ളടക്കം ചെയ്യുന്നു - ലിസ്റ്റ് സി1. കൂടാതെ റോഡുകളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള ലിസ്റ്റിന്റെ വിശദാംശവും ഉള്ളടക്കം ചെയ്യുന്നു - ലിസ്റ്റ് സി2. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ